**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3330** **01-03-2023 - ൽ മറുപടിയ്ക്ക്**

**കുറിഞ്ഞിമല സാങ്ച്ചറിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കുറിഞ്ഞിമല സാങ്ച്ചറിയുടെ രൂപീകരണത്തിനുശേഷം ഈ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ കുറിഞ്ഞിമല സാങ്ച്ചറിയുടെ രൂപീകരണത്തിനു ശേഷം ടി പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് പട്ടയ ഭൂമികളുടെ കരം ഒടുക്കുന്നതും ക്രയവിക്രയങ്ങളും തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാങ്ച്ചറിയുടെ സെറ്റിൽമെന്റ് ഓഫീസറായി ഏത് ഉദ്യോഗസ്ഥനെയാണ് നിയമിച്ചിരിക്കുന്നത്;അറിയിക്കുമോ; | (ബി) | കുറിഞ്ഞിമല സാങ്ച്ചറി സ്പെഷ്യൽ ഓഫീസറുടെ അധിക ചുമതല ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ ദേവികുളം സബ് കളക്ടർക്ക് നല്കിയിട്ടുണ്ട്. |
| (സി) | സെറ്റിൽമെന്റ്-ന്റെ ഭാഗമായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | 06.10.2006 ലെ സ.ഉ.(പി) 36/2006/F&WLD നമ്പർ ഉത്തരവ് പ്രകാരം കുറിഞ്ഞിമല സങ്കേതം ആരംഭിക്കുന്നതിന് ഉദ്ദേശ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിലെ രേഖപ്പെടുത്തലുകളിൽ തിരുത്തൽ വരുത്തി 27/08/2009 ലെ GO(P)No.37/09/F&WLD നമ്പർ ഉത്തരവായിട്ടുള്ളതാണ്. സങ്കേത പരിധിയിൽ വരുന്ന ഭൂമിയിൽ ഏതെങ്കിലും വ്യക്തി ഉന്നയിക്കുന്ന അവകാശം നിർണ്ണയിക്കുന്നതിന് 12/12/2007 ലെ GO(MS)No.74/F&WLD നമ്പർ ഉത്തരവ് പ്രകാരം ദേവികുളം സബ് കളക്ടർക്ക് ബന്ധപ്പെട്ട നിയമപ്രകാരമുള്ള കളക്ടറുടെ അധികാരം നൽകിയിരുന്നു.<br><br>എന്നാൽ കുറിഞ്ഞിമല സങ്കേത പ്രദേശത്തെ ഗവൺമെന്റ് ഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്നത് സംബന്ധിച്ച അന്വേഷണം നടത്തി സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16/02/2015ൽ GO(MS) No.69/2015/RD നമ്പരായി ഉത്തരവായതും ടി ഉത്തരവ് ജനജീവിതം ദുസ്സഹമാക്കിയതായി കണ്ടെത്തിയതിനെ തുടർന്ന് 10/05/2018ൽ സ.ഉ.(കൈ)നം.178/2018/റവ പ്രകാരം ഉത്തരവ് |

| | | | |
|---|---|---|---|
| | | | പുറപ്പെടുവിച്ചിരുന്നു. അതിൽ കുറിഞ്ഞിമല സാങ്ചറിയുടെ വിസ്തൃതി നിജപ്പെടുത്തുന്നത് സംബന്ധിച്ചും കാര്യ നിർവ്വഹണത്തിന് മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെ നിയമിക്കുന്നത് സംബന്ധിച്ചും പരാമർശിച്ചിട്ടുണ്ട്.<br><br>തുടർന്ന് വിവിധ സമയങ്ങളിൽ വിവിധ കാരണങ്ങളാൽ വിവിധ ഉദ്യോഗസ്ഥരെ സ്പെഷ്യൽ ആഫീസർ ആയി നിയമിച്ചും കൃത്യനിർവഹണം നടത്തുന്നതിന് ആവശ്യമായ അധികാരങ്ങൾ നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതുമാണ്.<br><br>കുറിഞ്ഞിമല സങ്കേതത്തിന്റെ വിസ്തൃതി സംബന്ധിച്ച അവ്യക്തത, കാര്യ നിർവ്വഹണത്തിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥാനമാറ്റങ്ങൾ എന്നിവ കാരണവും നിലവിലെ വിജ്ഞാപനത്തിൽ സർവ്വെ നമ്പരുകൾ സംബന്ധിച്ച പിശക് കാരണവും സെറ്റിൽമെന്റ് നടപടിയിൽ കാര്യമാത്ര പ്രസക്തമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ സെറ്റിൽമെന്റ് ക്ലെയിം അപേക്ഷകൾ സ്വീകരിച്ച് തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. സർവ്വെ നമ്പരുകൾ തിരുത്തി പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സെറ്റിൽമെന്റ് നടപടികൾ എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ; | (ഡി) | 06.10.2006 ലെ സ.ഉ.(പി) 36/2006/F&WLD നമ്പർ ഉത്തരവ് പ്രകാരം കുറിഞ്ഞിമല സങ്കേതം ആരംഭിക്കുന്നതിന് ഉദ്ദേശ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിലെ രേഖപ്പെടുത്തലുകളിൽ തിരുത്തൽ വരുത്തി 27/08/2009 ലെ GO(P)No.37/09/F&WLD നമ്പർ ഉത്തരവായിട്ടുള്ളതാണ്. സങ്കേത പരിധിയിൽ വരുന്ന ഭൂമിയിൽ ഏതെങ്കിലും വ്യക്തി ഉന്നയിക്കുന്ന അവകാശം നിർണ്ണയിക്കുന്നതിന് 12/12/2007 ലെ GO(MS)No.74/F&WLD നമ്പർ ഉത്തരവ് പ്രകാരം ദേവികുളം സബ് കളക്ടർക്ക് ബന്ധപ്പെട്ട നിയമപ്രകാരമുള്ള കളക്ടറുടെ അധികാരം നൽകിയിരുന്നു.<br><br>എന്നാൽ കുറിഞ്ഞിമല സങ്കേത പ്രദേശത്തെ ഗവൺമെന്റ് ഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്നത് സംബന്ധിച്ച അന്വേഷണം നടത്തി സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16/02/2015ൽ GO(MS) No.69/2015/RD നമ്പരായി ഉത്തരവായതും ടി ഉത്തരവ് ജനജീവിതം ദുസ്സഹമാക്കിയതായി കണ്ടെത്തിയതിനെ തുടർന്ന് 10/05/2018ൽ സ.ഉ. |

| | | | |
|---|---|---|---|
| | | | (കൈ)നം.178/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ കുറിഞ്ഞിമല സാങ്ച്വറിയുടെ വിസ്തൃതി നിജപ്പെടുത്തുന്നത് സംബന്ധിച്ചും കാര്യ നിർവ്വഹണത്തിന് മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെ നിയമിക്കുന്നത് സംബന്ധിച്ചും പരാമർശിച്ചിട്ടുണ്ട്.<br><br>തുടർന്ന് വിവിധ സമയങ്ങളിൽ വിവിധ കാരണങ്ങളാൽ വിവിധ ഉദ്യോഗസ്ഥരെ സ്പെഷ്യൽ ആഫീസർ ആയി നിയമിച്ചും കൃത്യനിർവഹണം നടത്തുന്നതിന് ആവശ്യമായ അധികാരങ്ങൾ നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതുമാണ്.<br><br>കുറിഞ്ഞിമല സങ്കേതത്തിന്റെ വിസ്തൃതി സംബന്ധിച്ച അവ്യക്തത, കാര്യ നിർവ്വഹണത്തിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥാനമാറ്റങ്ങൾ എന്നിവ കാരണവും നിലവിലെ വിജ്ഞാപനത്തിൽ സർവ്വെ നമ്പരുകൾ സംബന്ധിച്ച പിശക് കാരണവും സെറ്റിൽമെന്റ് നടപടിയിൽ കാര്യമാത്ര പ്രസക്തമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ സെറ്റിൽമെന്റ് ക്ലെയിം അപേക്ഷകൾ സ്വീകരിച്ച് തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. സർവ്വെ നമ്പരുകൾ തിരുത്തി പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | പ്രസ്തുത നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ? | (ഇ) | 06.10.2006 ലെ സ.ഉ.(പി) 36/2006/F&WLD നമ്പർ ഉത്തരവ് പ്രകാരം കുറിഞ്ഞിമല സങ്കേതം ആരംഭിക്കുന്നതിന് ഉദ്ദേശ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അതിലെ രേഖപ്പെടുത്തലുകളിൽ തിരുത്തൽ വരുത്തി 27/08/2009 ലെ GO(P)No.37/09/F&WLD നമ്പർ ഉത്തരവായിട്ടുള്ളതാണ്. സങ്കേത പരിധിയിൽ വരുന്ന ഭൂമിയിൽ ഏതെങ്കിലും വ്യക്തി ഉന്നയിക്കുന്ന അവകാശം നിർണ്ണയിക്കുന്നതിന് 12/12/2007 ലെ GO(MS)No.74/F&WLD നമ്പർ ഉത്തരവ് പ്രകാരം ദേവികുളം സബ് കളക്ടർക്ക് ബന്ധപ്പെട്ട നിയമപ്രകാരമുള്ള കളക്ടറുടെ അധികാരം നൽകിയിരുന്നു.<br><br>എന്നാൽ കുറിഞ്ഞിമല സങ്കേത പ്രദേശത്തെ ഗവൺമെന്റ് ഭൂമി അനധികൃതമായി കൈവശപ്പെടുത്തുന്നത് സംബന്ധിച്ച അന്വേഷണം നടത്തി സമർപ്പിക്കപ്പെട്ട റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16/02/2015ൽ GO(MS) No.69/2015/RD നമ്പരായി ഉത്തരവായതും ടി ഉത്തരവ് ജനജീവിതം ദുസ്സഹമാക്കിയതായി |

| | | | |
|---|---|---|---|
| | | | കണ്ടെത്തിയതിനെ തുടർന്ന് 10/05/2018ൽ സ.ഉ.(കൈ)നം.178/2018/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൽ കുറിഞ്ഞിമല സാങ്ച്വറിയുടെ വിസ്തൃതി നിജപ്പെടുത്തുന്നത് സംബന്ധിച്ചും കാര്യ നിർവ്വഹണത്തിന് മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെ നിയമിക്കുന്നത് സംബന്ധിച്ചും പരാമർശിച്ചിട്ടുണ്ട്.<br><br>തുടർന്ന് വിവിധ സമയങ്ങളിൽ വിവിധ കാരണങ്ങളാൽ വിവിധ ഉദ്യോഗസ്ഥരെ സ്പെഷ്യൽ ആഫീസർ ആയി നിയമിച്ചും കൃത്യനിർവഹണം നടത്തുന്നതിന് ആവശ്യമായ അധികാരങ്ങൾ നൽകിയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നതുമാണ്.<br><br>കുറിഞ്ഞിമല സങ്കേതത്തിന്റെ വിസ്തൃതി സംബന്ധിച്ച അവ്യക്തത, കാര്യ നിർവ്വഹണത്തിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥാനമാറ്റങ്ങൾ എന്നിവ കാരണവും നിലവിലെ വിജ്ഞാപനത്തിൽ സർവ്വെ നമ്പരുകൾ സംബന്ധിച്ച പിശക് കാരണവും സെറ്റിൽമെന്റ് നടപടിയിൽ കാര്യമാത്ര പ്രസക്തമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിച്ചാൽ മാത്രമേ സെറ്റിൽമെന്റ് ക്ലെയിം അപേക്ഷകൾ സ്വീകരിച്ച് തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ. സർവ്വെ നമ്പരുകൾ തിരുത്തി പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് വനം വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ